പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2545

21.06.2012-ലെ
മറുപടിക്ക്.

## സ്കൂൾ അഡ്മിഷൻ പ്രായത്തിൽ ഇളവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഒന്നാം ക്ലാസിൽ ചേരുന്നതിനുള്ള കുട്ടികളുടെ വയസ്സ് എത്രയാണെന്ന് അറിയിക്കുമോ; | (എ) | ഈ വർഷം ജൂൺ ഒന്നിന് 5 വയസ്സ് പൂർത്തിയായ കുട്ടികൾക്ക് ഒന്നാം ക്ലാസിൽ പ്രവേശനം നൽകാവുന്നതാണ്. |
| (ബി) | സ്കൂൾ പ്രവേശന സമയത്ത് സ്കൂൾ അഡ്മിഷൻ പ്രായത്തിൽ ഇളവ് നൽകിക്കൊണ്ട് ഉത്തരവ് ഇറക്കുന്ന സമ്പ്രദായം സംസ്ഥാനത്ത് നിലവിലുണ്ടോ; | (ബി) | ഉണ്ട് |
| (സി) | എങ്കിൽ ഇപ്രാവശ്യം പ്രസ്തുത ഉത്തരവ് ഇറക്കിയിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് അറിയിക്കുമോ; | (ഡി) | വിദ്യാഭ്യാസ അവകാശ നിയമപ്രകാരം 1-ാം ക്ലാസ് പ്രവേശനത്തിനായി നിശ്ചയിച്ചിട്ടുള്ളത് 6 വയസ്സാണ്. അതനുസരിച്ച് പ്രവേശന പ്രായം 6 വയസ്സാക്കികൊണ്ടും ഈ വർഷം 6 മാസം വരെ വയസ്സിളവ് അനുവദിച്ചു കൊണ്ടും 9.1.12ലെ ജി.ഒ. 9/12/പൊ.വി.വ. പ്രകാരം ഉത്തരവായെങ്കിലും കേന്ദ്രീയ വിദ്യാലയമടക്കമുള്ള കേന്ദ്ര |

സ്കൂളുകളിൽ 5 വയസ്സുതന്നെ
ഇക്കൊല്ലം നിലനിൽക്കുന്ന
സാഹചര്യത്തിൽ ഈ വർഷം
പ്രവേശന പ്രായം 5 വയസ്സായി തന്നെ
നിലനിർത്തി 12.04.2012ലെ ജി.ഒ.
(എംഎസ്)117/12/പൊ.വി.വ. പ്രകാരം
ഉത്തരവായിട്ടുണ്ട്. അതിനാൽ
നേരത്തെ നിലവിലുണ്ടായിരുന്ന
വയസ്സിളവ് അനുവദനീയമാണ്.

സെക്ഷൻ ഓഫീസർ